മൂവി റിവ്യൂ - പാഡ് മാൻ

"എൻറെ പിഴ എൻറെ വലിയ പിഴ"
-------------------------
netflixൽ കഴിഞ്ഞദിവസം "പാഡ്മാൻ" കണ്ടുതീർത്തതിനുശേഷം ഇങ്ങനെയാണ് കുറിക്കാൻ തോന്നിയത്..

തിയേറ്ററിൽപോയി സിനിമ കാണാതിരുന്നതിനുള്ള പ്രായശ്ചിത്തമാണ് ഈ റിവ്യൂ !

2018 ഫെബ്രുവരിയിൽ റിലീസ് ആയ ഈ സിനിമ അരുണാചലം മുരുകാനന്ദം എന്ന കോയമ്പത്തൂർ സ്വദേശിയായ യ ഒറിജിനൽ padmanൻ്റെ ജീവിതത്തിൻറെ ചലച്ചിത്രാവിഷ്കാരമാണ്. അപഹസിക്കപ്പെട്ട്, അവഹേളിക്കപ്പെട്ട്, ഒടുവിൽ ആത്മ സമ്മാനിതനായ ഒരാൾ!

ഭാര്യയോട് സ്നേഹത്തെക്കാൾ ഉപരി കരുതൽ ആണയാൾക്ക്. അങ്ങനെയുള്ള ഒരാൾക്ക് ആണല്ലോ ആർത്തവ സമയങ്ങളിൽ അവർ കടന്നു പോകുന്ന സാഹചര്യങ്ങൾ എത്രയോ agonizing ആണെന്ന് മനസ്സിലാവുക.

വൃത്തിഹീനമായ തുണികൾ (ചിലപ്പോൾ ചാരം പോലും) ഉപയോഗിക്കുമ്പോൾ തന്നെ മറ്റു തുണികളുടെ അടിയിൽ വെച്ച് അത് "ഭദ്രമായി"ഉണക്കേണ്ടി വരുന്ന ഭയാനകമായ അവസ്ഥ. വരാന്തയിൽ ഉള്ള കിടപ്പും "ചേട്ടത്തിക്ക് വീണ്ടും ടെസ്റ്റ് മാച്ച് തുടങ്ങി" എന്നുള്ള പരിഹാസമുനകളും കേട്ട് ശീലിച്ച, തഴമ്പിച്ച ഒരു അവസ്ഥ. ലക്ഷ്മിയെ (അക്ഷയ് കുമാർ അവതരിപ്പിക്കുന്ന കഥാനായകൻ) ഇത് ചിന്താക്കുഴപ്പത്തിലാകുന്നു. ഭാര്യ ഗായത്രിയോടും(രാധിക apte) സമാന അവസ്ഥയിലുള്ള മറ്റുസ്ത്രീകളോടും ഉള്ള കരുതൽ ഒരു വശത്ത് ; അൻപത്തഞ്ച് രൂപയ്ക്ക് മെഡിക്കൽ ഷോപ്പിൽ കിട്ടുന്ന പാഡ് വാങ്ങാൻ അനുവദിക്കാത്ത സാമ്പത്തികഞെരുക്കം മറുവശത്ത്.

മെക്കാനിക്കായ ലക്ഷ്മി സ്വന്തമായി പാഡ് മെഷീൻ ഉണ്ടാക്കാൻ തീരുമാനിക്കുകയും അതിനുവേണ്ടിയുള്ള പരീക്ഷണങ്ങൾ തുടങ്ങുകയും ചെയ്യുന്നു. പക്ഷേ അയാൾ ഉണ്ടാക്കിയ സാമ്പിൾ പാഡ് ഉപയോഗിക്കാൻ ഒരു കസ്റ്റമറെ കിട്ടുന്നില്ല! ഗായത്രിയെ പ്രേരിപ്പിക്കുമ്പോൾ ആകട്ടെ, അവൾ ഇന്ത്യയിലെ പെണ്ണുങ്ങൾ രോഗം മൂലമുള്ള മരണത്തെക്കാൾ ഭയപ്പെടുന്നത് അപമാനഭാരത്താൽ ഉള്ള മരണമാണ് എന്നു പറഞ്ഞ് അയാളെ തള്ളിക്കളയുന്നു.

ഈ സംഭാഷണം ലക്ഷ്മിക്ക് ഒരു shock of life ആയിത്തീരുന്നു. അയാളുടെ പരിശ്രമങ്ങളെല്ലാം അയാളെ കൂടുതൽ കൂടുതൽ സമൂഹത്തിനുമുമ്പിൽ അപഹാസ്യനാക്കുന്നതേയുള്ളൂ. സഹികെട്ട് അയാളുടെ അമ്മയും സഹോദരിമാരും പിന്നെ ഭാര്യയും വിട്ടുപോകുന്ന ഒരു അവസ്ഥയുണ്ടാകുന്നു.

തൻറെ "ബ്ലീഡിങ് ഡ്രീമി"ൻ്റെ സാക്ഷാത്കാരത്തിനായി വീണ്ടും അലയുമ്പോഴാണ് ആകസ്മികമായി സോനം കപൂർ അവതരിപ്പിക്കുന്ന കഥാപാത്രത്തെ കണ്ടുമുട്ടുന്നതും അവളുടെ IIT professor ആയ അച്ഛൻ മുഖേന കിട്ടുന്ന പിന്തുണ മുന്നോട്ടുപോകാനുള്ള ഊർജ്ജമായി തീരുന്നതും.

അവസാനം പാഡ്മെഷീൻ നിർമ്മിക്കപ്പെടുകയും അതിന് innovation India പുരസ്കാരം കിട്ടുകയും ചെയ്യുകയാണ്.. തുടർന്ന് പേറ്റൻ്റിനൊന്നും അപേക്ഷ നൽകാതെ തൻ്റെ "രണ്ട് രൂപ പാഡ്" ഉണ്ടാക്കുന്ന മെഷീൻ ജനകീയമാക്കാൻ അയ്യാൾ നടത്തുന്ന യാത്രകൾ നമ്മുടെ കണ്ണു തുറപ്പിക്കും , തുടർന്നു നനയിക്കും!

തീരുന്നില്ല,പത്മശ്രീ പുരസ്കാരവും യുഎൻ പുരസ്കാരവും അയാളെ തേടിവരുന്നു. യുഎന്നിൽ വെച്ച് അയാൾ മുറി ഇംഗ്ലീഷിൽ ചെയ്യുന്ന പ്രസംഗം കേൾക്കുമ്പോൾ നമ്മൾ കൈയ്യടിക്കണോ,അതോ കണ്ണുകൾ തുടക്കണോ എന്ന സംശയത്തിൽ ആകും!

Ready to wait ക്യാമ്പയിനുകളുടെ കാലത്ത് വീണ്ടും കാണേണ്ട സിനിമ! ഇന്ത്യൻ സമൂഹത്തിന്റെ 'മഹത്തായ' കപടനാട്യങ്ങളുടെ മുഖമടച്ചു കൊടുക്കുന്ന ഒരടി !

Suresh Narayanan